2026
JUly
01
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# കേരളത്തിൽനിന്നുള്ള കയറ്റുമതി ഇടിഞ്ഞു

**കൊച്ചി:** പശ്ചിമേഷ്യയിൽ മൂന്നു മാസം നീണ്ടുനിന്ന സംഘർഷം കേരളത്തിൽനിന്നുള്ള വ്യോമ, കപ്പൽമാർഗമുള്ള ചരക്കു കയറ്റുമതിയെ ഗുരുതരമായി ബാധിച്ചു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (സിയാൽ), കാലിക്കട്ട് അന്താരാഷ്ട്ര വിമാനത്താവളം, കൊച്ചി തുറമുഖം എന്നിവിടങ്ങളിൽനിന്നുള്ള കയറ്റുമതിയിൽ കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഈ മാർച്ച് മേയ് മാസങ്ങളിൽ കുത്തനെയുള്ള ഇടിവ് രേഖപ്പെടുത്തി.

കേരള എക്സ്പോർട്ടേഴ്സ് ഫോറം തയാറാക്കിയ റിപ്പോർട്ട് പ്രകാരം കനത്ത പ്രഹരമാണ് മൂന്നു മാസം നീണ്ട യുദ്ധം കേരളത്തിൽനിന്നുള്ള വ്യോമമാർഗമുള്ള കയറ്റുമതിയെ ഏൽപ്പിച്ചത്. 2025ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2026 മാർച്ച് മുതൽ മേയ് വരെയുള്ള മാസങ്ങളിൽ സംസ്ഥാനത്തെ പ്രധാന എയർപോർട്ടുകളായ കൊച്ചി, കോഴിക്കോട് എന്നിവടങ്ങളിൽനിന്നും ഉള്ള പെരിഷബിൾ (പെട്ടെന്ന് കേടാകുന്ന വസ്തുക്കൾ) കാർഷിക ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ വലിയ ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യൂറോപ്പിലേക്കുള്ള കയറ്റുമതിയെയും യുദ്ധം ഗുരുതരമായി ബാധിച്ചു.



ഇക്കാലയളവിൽ സിയാൽ വഴിയുള്ള എയർ കാർഗോയിൽ വലിയ ഇടിവാണുണ്ടായത്. കഴിഞ്ഞ വർഷം മാർച്ചിൽ 3,146.9 ടൺ കയറ്റുമതി നടത്തിയ സ്ഥാനത്ത് ഇത്തവണ 36.41 ശതമാനം ഇടിഞ്ഞ് 2000 ടണ്ണായി കുറഞ്ഞു. ഏപ്രിലിൽ 2992 ടണ്ണായി ഉയർന്നെങ്കിലും കഴിഞ്ഞ വർഷത്തെ 4370.7 ടണ്ണിൽ നിന്ന് വളരെ കുറവാണിത്. 31.54 ശതമാനത്തിൻറെ കുറവാണിത്. മേയ് മാസത്തിലും നെടുന്പാശേരി വിമാനത്താവളം വഴിയുള്ള കയറ്റുമതി കൂടിയെങ്കിലും പഴയ നിലയിലേക്ക് തിരിച്ചെത്തിയില്ല. മുൻവർഷം ഇതേ കാലയളവിലെ 4563.6 ടണ്ണിൽനിന്ന് 32.84 ശതമാനം താഴ്ന്ന് 3065 മെട്രിക് ടൺ മാത്രമായി.

കോഴിക്കോട് വിമാനത്താവളം വഴിയുള്ള കയറ്റുമതിയിൽ വൻ ഇടിവാണ് മൂന്നുമാസമുണ്ടായത്.

2025 മാർച്ചിൽ 2900.96 ടൺ കയറിപ്പോയിടത്ത് ഇത്തവണ 53.35 ശതമാനം താഴ്ന്ന് 1353.2 ടണ്ണായി ഒതുങ്ങി. കഴിഞ്ഞ വർഷം ഏപ്രിലിൽ 3818.93 ടൺ കയറ്റിവിട്ടതിനെ അപേക്ഷിച്ച് 55.73 ശതമാനം കുറഞ്ഞ് ഇത്തവണ 1690.52 ടണ്ണിലെത്തി. മേയിലെ കയറ്റുമതി കഴിഞ്ഞ രണ്ടു മാസത്തേക്കാൾ താഴ്ന്നു. മുൻവർഷം 3384.42 മെട്രിക് ടൺ ആയിരുന്നത് ഇത്തവണ 56.63 ശതമാനം ഇടിഞ്ഞ് 1467.96 ടണ്ണായി.

കൊച്ചിൻ തുറമുഖം വഴി കടൽമാർഗമുള്ള കയറ്റുമതിയെയും പ്രതിസന്ധി ബാധിച്ചു. ഷിപ്പിംഗ് ചാർജുകൾ എട്ടിരട്ടിയിലധികം വർധിച്ചത് പ്രതിസന്ധി രൂക്ഷമാക്കി. 2025 മാർച്ചിൽ 13,580 ടിഇയു (ട്വൻറി ഫൂട്ട് ഇക്വിലവൻറ് യൂണിറ്റ് ചരക്കുകളുടെ അളവ് കണക്കാക്കാൻ ഉപയോഗിക്കുന്ന ഒരു അന്താരാഷ്ട്ര ഏകകം) കയറ്റുമതി നടത്തിയപ്പോൾ ഈ വർഷമിത് 11,238 ടിഇയു ആയി ഇടിഞ്ഞു. 2025 ഏപ്രിലിലെ 11,866 ടിഇയു കയറ്റുമതി ഇത്തവണ 8622 ടിഇയുവിലേക്ക് കൂപ്പുകുത്തി.

യുദ്ധ പ്രതിസന്ധി സംസ്ഥാനത്തെ കഠിനമായി ബാധിച്ചിട്ടുണ്ട്. കാരണം, സമുദ്രവിഭവങ്ങൾ, പച്ചക്കറികൾ, പഴവർഗങ്ങൾ, മറ്റ് കാർഷിക ഉത്പന്നങ്ങൾ എന്നിവയുൾപ്പെടെ പെട്ടെന്ന് കേടുവരുന്ന കേരളത്തിൻറെ കയറ്റുമതി സാധനങ്ങളുടെ വലിയൊരു പങ്ക് ഗൾഫ് രാജ്യങ്ങൾ വഴിയാണ്, പ്രത്യേകിച്ച് പ്രധാന ട്രാൻസ്ഷിപ്പ്മെൻറ്വിതരണ കേന്ദ്രമായ ദുബായ് വഴിയാണ് അയയ്ക്കുന്നത്.

## വിഴിഞ്ഞത്ത് വമ്പൻ വിദേശ നിക്ഷേപം

**ന്യൂഡൽഹി:** വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിന് അദാനിക്കൊപ്പം കൈകോർക്കാൻ ഇനി ലോകത്തെ ഏറ്റവും വലിയ ഷിപ്പിങ് കമ്പനികളിലൊന്നായ എംഎസ്സിയും. അദാനി ഗ്രൂപ്പിന്റെ ഉപസ്ഥാപനമായ അദാനി പോർട്സിന് കീഴിലെ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ 49% ഓഹരികളാണ് യൂറോപ്യൻ ഷിപ്പിങ് ഭീമനായ മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനി (എംഎസ്സി) സ്വന്തമാക്കുന്നത്.എവിപിപിഎലിന് 285 കോടി ഡോളർ (ഏകദേശം 27,000 കോടി രൂപ) മൂല്യം വിലയിരുത്തി 139.7 കോടി ഡോളറിനാണ് (ഏകദേശം 13,270 കോടി രൂപ) 49% ഓഹരികൾ എംഎസ്സി സ്വന്തമാക്കുന്നതെന്ന് സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്ക് സമർപ്പിച്ച റിപ്പോർട്ടിൽ അദാനി പോർട്സ് വ്യക്തമാക്കി. ഇന്ത്യൻ തുറമുഖ മേഖലയ്ക്ക് ലഭിക്കുന്ന ഏറ്റവും വലിയ വിദേശ നിക്ഷേപമാണിത്.എംഎസ്സിയുടെ തുറമുഖ ഓപ്പറേറ്റിങ് വിഭാഗമായ ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡാണ് നിക്ഷേപം നടത്തുന്നത്. ടിഐഎലിന്റെ ഉപസ്ഥാപനമായ മുൻഡി ലിമിറ്റഡ് (Mundi Limited) ആണ് ഓഹരി ഏറ്റെടുക്കുന്നത്. വിഴിഞ്ഞം തുറമുഖത്ത് ഇപ്പോൾ രണ്ടാംഘട്ട വികസന പ്രവർത്തനം പുരോഗമിക്കുകയാണ്. 16 ലക്ഷം ട്വന്റി ഫൂട്ട് ഇക്വിലന്റ് യൂണിറ്റാണ് ആണ് നിലവിൽ കണ്ടെയ്നർ കൈകാര്യശേഷി. 2028 ഡിസംബറിൽ വികസന പ്രവർത്തനം പൂർത്തിയാകുന്നതോടെ ഇത് 3.5 മടങ്ങ് ഉയർന്ന് 57 ലക്ഷം ടിഇയു ആകും.വിഴിഞ്ഞത്ത് കൂടുതൽ കണ്ടെയ്നറുകൾ എത്താനും പശ്ചാത്തല വികസനം കൂടുതൽ മികച്ചതാക്കാനും എംഎസ്സിയുമായുള്ള സഹകരണം വഴി കഴിയുമെന്നാണ് കരുതുന്നത്. അദാനിയും എംഎസ്സിയും തമ്മിൽ ഇന്ത്യയിലെ മൂന്നാമത്തെ തുറമുഖ സഹകരണമാണിത്. നിലവിൽ ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തെ മൂന്നാം ടെർമിനലിലും തമിഴ്നാട് എന്നോറിലും സഹകരണമുണ്ട്.

# ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കും ഹെൽമറ്റ് നിർബന്ധമാക്കുന്നത് പരിശോധിക്കും: മന്ത്രി

**തിരുവനന്തപുരം:** എല്ലാ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കും ഹെൽമറ്റ് നിർബന്ധമാക്കുന്ന കാര്യം പരിശോധിക്കുമെന്ന് മന്ത്രി സി.പി.ജോൺ നിയമസഭയെ അറിയിച്ചു. തോമസ് ഉണ്ണിയാടന്റെ ശ്രദ്ധ ക്ഷണിക്കലിനോടായിരുന്നു മറുപടി. ഇക്കാര്യത്തിൽ കേന്ദ്ര നിയമമാണ് നിലവിലുള്ളതെങ്കിലും മോട്ടർ വാഹന വകുപ്പിന് ചട്ടം നിർമിക്കാനുള്ള അവകാശം ഉപയോഗിച്ച് പരിഷ്കാരം നടപ്പാക്കാനാകും.



ഇലക്ട്രിക് വാഹനമുൾപ്പെടെയുള്ള ഇരുചക്ര വാഹനങ്ങൾക്ക് ഹെൽമറ്റ് നിർബന്ധമാണെങ്കിലും 250 വാട്സിൽ താഴെ പവറും 25 കിലോമീറ്ററിലെ താഴെ വേഗവുമുള്ള വാഹനങ്ങളെ നോൺ മോട്ടർ വെഹിക്കിൾ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരം വാഹനങ്ങളെന്നു പറഞ്ഞ് ഇറങ്ങുന്നവയും അപകടത്തിൽപെടുന്നുണ്ട്. ഇവയ്ക്ക് ഇൻഷുറൻസും വേണ്ടാത്ത അവസ്ഥയാണെന്നും മന്ത്രി വ്യക്തമാക്കി.








നാലാം വട്ടവും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പി.സി ജേക്കബ്ബിനെ അനുമോദിക്കുന്ന പ്രവർത്തകർ

# പി.സി.ജേക്കബ് കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ പ്രസിഡന്റ്



പി.സി.ജേക്കബ് സി.എസ്.രാമചന്ദ്രൻ പി.എ.കബീർ

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ പ്രസിഡന്റായി പി.സി.ജേക്കബ് നാലാം പ്രാവശ്യവും തിരഞ്ഞെടുക്കപ്പെട്ടു. എറണാകുളം ടൗൺ ഹാളിൽ നടന്ന വാശിയേറിയ മത്സരത്തിൽ എതിർ സ്ഥാനാർത്ഥി ടി.ബി.നാസറിനെതിരെ 555 വോട്ടുകൾ നേടിയാണ് പി.സി. ജേക്കബ് വിജയിച്ചത്. വോട്ടവകാശമുള്ള 947 ജില്ലാ കൗൺസിൽ അംഗങ്ങളിൽ 909 പേർ വോട്ട് രേഖപ്പെടുത്തി. സി.എസ് രാമചന്ദ്രൻ (ജനറൽ സെക്രട്ടറി) പി.എ.കബീർ (ട്രഷറർ) ജിമ്മി ചക്യാത്ത് (വർക്കിംഗ് പ്രസിഡന്റ്) ഷാജഹാൻ അബ്ദുൾ ഖാദർ (ആക്ടിംഗ് ജനറൽ സെക്രട്ടറി) എന്നിവരാണ് മറ്റ് ഭാരവാഹികൾ. തിരഞ്ഞെടുപ്പ് യോഗം സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ജില്ലാ വർക്കിംഗ് പ്രസിഡന്റ് വൈ.വിജയനായിരുന്നു വരണാധികാരി. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പോലീസ് സുരക്ഷയും ഏർപ്പെടുത്തിയിരുന്നു.



# വെള്ളയാംകുടി സെൻറ് ജെറോംസ് യുപി സ്കൂളിൽ ഫ്രൂട്ട് ഫെസ്റ്റ്

**കട്ടപ്പന:** ഹൈറേഞ്ചിൽ സുലഭമായി ലഭിക്കുന്ന പഴവർഗങ്ങളുടെ മൂല്യവർധിത ഉപയോഗ സാധ്യതകൾ പരിചയപ്പെടുത്തി വെള്ളയാംകുടി സെൻറ് ജെറോംസ് യുപി സ്കൂളിൽ ഫ്രൂട്ട് ഫെസ്റ്റ് നടത്തി.

നഗരസഭാ ചെയർമാൻ ജോയി വെട്ടിക്കുഴി ഉദ്ഘാടനം ചെയ്തു. ജില്ലയിൽ കൃഷിചെയ്യുന്ന വിവിധ പഴവർഗങ്ങളുടെ പ്രദർശനവും നടന്നു.

അസി. മാനേജർ ഫാ. ആൽഫ്രഡ് നടയ്ക്കൽ അധ്യക്ഷത വഹിച്ചു. കട്ടപ്പന എഇഒ സി. രാജശേഖരൻ മുഖ്യപ്രഭാഷണം നടത്തി. ഹെഡ്മാസ്റ്റർ ബിനോയി മാത്യു, നഗരസഭാ കൗൺസിലർമാരായ ഷാജി കൂത്തോടി, ബീന സിബി, പി. ആർ. രമേശ്, സന്തോഷ് ഓലിനാൽ, കെ.പി. സുമോദ്, പൂർവവിദ്യാർഥി പ്രതിനിധി ഷാജി പാലത്തിനാൽ, വെള്ളയാംകുടി മർച്ചൻറ്സ് അസോസിയേഷൻ പ്രസിഡൻറ് ബിജോ ജോസഫ്, ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് വിൻസി തോമസ്, ഹയർ സെക്കൻഡറി പ്രിൻസിപ്പൽ ജിജി ജോർജ്, എൽപി സ്കൂൾ ഹെഡ്മാസ്റ്റർ സൈജു ജോസഫ്, പിടിഎ ഭാരവാഹികളായ ജയിംസ് വർഗീസ്, ടി.എച്ച്. ജിൻസിമോൾ തുടങ്ങിയവർ പ്രസംഗിച്ചു.



# നെട്ടുകാൽത്തേരിയിൽ ബ്രഹ്മോസ് മിസൈൽ നിർമാണ യൂണിറ്റ് വരുന്നു

**നെയ്യാർഡാം:** നെയ്യാർഡാം നെട്ടുകാൽത്തേരി തുറന്നജയിൽ പരിസരത്തു ബ്രഹ്മോസ് മിസൈൽ നിർമാണ യൂണിറ്റ് വരുന്നു. പദ്ധതിക്കായി 180 ഏക്കർ ഭൂമി കൈമാറി. തുറന്നജയിൽ തേവൻകോട് അനക്സിലാണു ബ്രഹ്മോസ് വരിക. ഇതിനായി സ്ഥലം രജിസ്റ്റർ ചെയ്ത് ഡിആർഡിഒയ്ക്ക് കൈമാറി. അടിസ്ഥാന വികസന സൗകര്യങ്ങൾ ശരിയാക്കാൻ നടപടി ആരംഭിച്ചു. തുറന്നജയിലിലെ ഭൂമി വിട്ടു നൽകാൻ തടസവാദങ്ങൾ ഉയർന്നിരുന്നു. ഒടുവിൽ കോടതിയാണ് അനുമതി നൽകിയത്. ബ്രഹ്മോസ് മിസൈൽ നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിനു ഭൂമിവിട്ടു കൊടുക്കാൻ സുപ്രീംകോടതിയുടെ അനുമതിയുമുണ്ട്. ഇതിനായി നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ ഉടമസ്ഥതയിലുള്ള 180 ഏക്കർ ഡിആർഡിഒയ്ക്ക് കൈമാറാൻ കോടതി നേരത്തെ നിർദേശിച്ചിരുന്നു.

നെട്ടുകാൽത്തേരി തുറന്ന ജയിലിന് 457 ഏക്കർ ഭൂമിയാണ് ഉള്ളത്. ഇതിൽ 200 ഏക്കർ ഭൂമി ജയിലിനായി നിലനിർത്തിയശേഷം 257 ഏക്കർ ഭൂമിയാണ് കേന്ദ്രസർക്കാരിനു കൈമാറാൻ പോകുന്നത്. ജയിലിന്റെ സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് കൈമാറണമെങ്കിൽ സുപ്രീം കോടതിയുടെ അനുമതി ആവശ്യമാണ്. അതിനാലാണ് സംസ്ഥാന സർക്കാർ ഭൂമി കൈമാറ്റത്തിന് സുപ്രീം കോടതിയുടെ അനുമതി തേടിയത്. തേവൻ കോട് അനക്സിൽ പ്രവർത്തിക്കുന്ന ജയിൽ നെട്ടുകാൽത്തേരിയിലേക്ക് മാറ്റും. ജയിൽപുള്ളികളെ മാറ്റാനുള്ള നടപടിയും ആരംഭിക്കും. 300 ഓളം തടവുപുള്ളികളാണ് തുറന്നജയിലിലും അനക്സിലുമുള്ളത്. ഇവർക്കായി ഇനി പ്രധാനജയിലായിരിക്കും ഉണ്ടാകുക. ജയിൽഭൂമി നഷ്ടമാകുന്നതോടെ കൃഷിയിടങ്ങൾ ഇല്ലാതാകും. വാഴ, പച്ചക്കറി, റബർ എന്നിവയാണ് പ്രധാന കൃഷികൾ. പച്ചകറികൾ തുറന്നജയിലും പൂജപ്പുര സെൻട്രൽജയിലുമാണ് ഉപയോഗിക്കുന്നത്. ഇവിടെയുള്ള മത്സ്യകുളങ്ങളും മിനി അണക്കെട്ടും ഓർമയാകും. ഇതു പരിഹരിക്കാൻ പ്രധാന ജയിലിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്താനും ആലോചനയുണ്ട്. സ്ഥലത്ത് പച്ചക്കറി കൃഷി കൂടുതൽ വ്യാപിക്കാനും ശ്രമം നടക്കുന്നുണ്ട്. ബ്രഹ്മോസ് മിസൈൽ നിർമാണ യൂണിറ്റ് വരുന്നതോടെ സ്ഥലത്ത് വൻ വികസനം നടപ്പാകും. സമീപ പഞ്ചായത്തുകളായ കള്ളിക്കാട്, കുറ്റിച്ചൽ എന്നിവിടങ്ങളിൽ പശ്ചാത്തലസൗകര്യം ഒരുക്കാൻ ഡിആർഡിഒ ശ്രമം തുടങ്ങി.

# കെഎസ്ഇബിക്ക് ആശ്വാസം; ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങാൻ റെഗുലേറ്ററി കമ്മിഷന്റെ അനുമതി

**തിരുവനന്തപുരം:** സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമായി ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് (കെഎസ്ഇബി) അനുമതി. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷനാണ് അനുമതി നൽകിയത്.

സെപ്റ്റംബർ ഒഴികെ, ജൂലൈ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലാണ് ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാൻ അനുമതി നൽകിയത്. സംസ്ഥാനത്ത് അപ്രഖ്യാപിത വൈദ്യുതി നിയന്ത്രണം തുടരുന്നതിനിടയിലാണ് ബോർഡിൻറെ അപേക്ഷയിൽ വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ അനുകൂല ഉത്തരവിറക്കിയത്.



തുടർച്ചയായ ആവശ്യപ്പെട്ടിട്ടും പവർ എക്സ്ചേഞ്ചിൽ നിന്നടക്കം വാങ്ങിയ വൈദ്യുതിയുടെ കൃത്യമായ വിവരങ്ങൾ സമർപ്പിക്കുന്നതിൽ കെഎസ്ഇബി പരാജയപ്പെട്ടതായി ഉത്തരവിൽ കമ്മിഷൻ കടുത്ത വിമർശനം ഉന്നയിച്ചു. കൂടാതെ, നിലവിലെ അപ്രഖ്യാപിത ലോഡ്ഷെഡ്ഡിങ്ങിനെതിരെ വ്യാപക ജനരോഷം ഉയരുന്ന കാര്യവും കമ്മിഷൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.ലോഡ്ഷെഡ്ഡിങ് ഏർപ്പെടുത്തുകയാണെങ്കിൽ കുറഞ്ഞത് ഒരു മണിക്കൂർ മുമ്പെങ്കിലും ഉപഭോക്താക്കളെ വിവരം അറിയിക്കണം.

മൺസൂൺ ശക്തിപ്പെടുന്ന മുറയ്ക്ക് ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങുന്നത് മൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത കുറയ്ക്കാൻ ബോർഡ് പരമാവധി ശ്രമിക്കണമെന്നും കമ്മിഷൻ വ്യക്തമാക്കി.കാലവർഷം വേണ്ടത്ര ശക്തിപ്രാപിക്കാത്തതാണ് നിലവിലെ ഗുരുതരമായ പ്രതിസന്ധിക്ക് പ്രധാന കാരണം.



# ഫോർട്ട് കൊച്ചി– വൈപ്പിൻ റോ–റോയിൽ വനിതാ യാത്രക്കാർക്കു സൗജന്യം

**കൊച്ചി:** ഫോർട്ട് കൊച്ചി- വൈപ്പിൻ റോ-റോയിൽ വനിതാ യാത്രക്കാർക്കു സൗജന്യം നൽകാനുള്ള കോർപറേഷൻ തീരുമാനം സംസ്ഥാന സർക്കാർ കെഎസ്ആർടിസിയിൽ നടപ്പാക്കിയ പ്രിയദർശിനി സർവീസിന്റെ ചുവടു പിടിച്ച്. സാധാരണക്കാരായ ഒട്ടേറ വനിതകൾക്കു പ്രയോജനപ്പെടുന്ന പദ്ധതിയാണിതെന്നു മേയർ വി.കെ. മിനിമോൾ പറഞ്ഞു.

റോ-റോ സർവീസുമായി ബന്ധപ്പെട്ടു കേരള ഉൾനാടൻ ജല ഗതാഗത കോർപറേഷനുമായി (കെഎസ്ഐഎൻസി) ചർച്ചകൾ നടത്തിയിരുന്നു. റോ- റോ സർവീസ് നഷ്ടമാണെന്ന തരത്തിലുള്ള കെഎസ്ഐഎൻസിയുടെ കണക്കുകൾ കോർപറേഷൻ അംഗീകരിക്കുന്നില്ല. കൃത്യമായ കണക്കുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ റോ-റോ സർവീസുമായി ബന്ധപ്പെട്ടു കെഎസ്ഐഎൻസിയുമായി കരാറിലെത്തും മുൻപ് എല്ലാ കാര്യങ്ങളും പരിശോധിക്കുമെന്നും മേയർ പറഞ്ഞു.

വനിതാ യാത്രക്കാർക്കു റോ-റോ സർവീസ് സൗജന്യമാക്കാനുള്ള പ്രമേയത്തെ എതിർക്കുന്നില്ലെന്ന് എൽഡിഎഫ് പാർലമെന്ററി പാർട്ടി നേതാവ് വി.എ. ശ്രീജിത്ത് പറഞ്ഞു. പക്ഷേ, അതുവഴി റോ-റോ സർവീസിന്റെ നഷ്ടം കൂടിയെന്നു വരുത്തി സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കരുതെന്നും അദ്ദേഹം പറഞ്ഞു. പദ്ധതി നടപ്പാക്കുന്നതിനു മുൻപു കൃത്യമായ പഠനം നടത്തണമെന്ന് ബിജെപി കൗൺസിലർ പ്രിയ പ്രശാന്ത് പറഞ്ഞു. റോ-റോ സർവീസുമായി ബന്ധപ്പെട്ടു കോർപറേഷൻ വലിയ നഷ്ടം നേരിടുന്ന സാഹചര്യത്തിൽ നിരക്കിളവു സംബന്ധിച്ചു കൃത്യമായ പരിശോധനകൾ ആവശ്യമാണെന്നും അവർ പറഞ്ഞു.

# കർഷകരെയും ഉന്നതവിജയം നേടിയ വിദ്യാർഥികളെയും ആദരിച്ചു

**തൃശൂർ:** നടത്തറ ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ കർഷകരെയും എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെയും ആദരിച്ചു. ബാങ്ക് ഹെഡ് ഓഫീസിൽ നടത്തിയ ചടങ്ങ് കെപിസിസി സെക്രട്ടറി അഡ്വ. ഷാജി ജെ. കോടങ്കണ്ടത്ത് ഉദ്ഘാടനം ചെയ്തു.

ബാങ്ക് പ്രസിഡൻറ് ജെയ്സൺ പുലിയാളുങ്കൽ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ പി. രാമചന്ദ്രൻ, നടത്തറ കൃഷി ഓഫീസർ അനില പീറ്റർ, ബാങ്ക് ഡയറക്ടറും ഡിസിസി ജനറൽ സെക്രട്ടറിയുമായ എം.എൽ. ബേബി, കെ.എൻ. വിജയകുമാർ, ഇ.എസ്. അനിരുദ്ധൻ, ടി.എസ്. ബിജു, ബാങ്ക് മാനേജിംഗ് ഡയറക്ടർ ഇൻ ചാർജ് സനൽ സുബ്രഹ്മണ്യൻ എന്നിവർ പ്രസംഗിച്ചു.

# ലയൺസ് ക്ലബ് ഭാരവാഹികൾ സ്ഥാനാരോഹണം നടത്തി

**ചെമ്പേരി:** ചെമ്പേരി ലയൺസ് ക്ലബ് വാർഷിക സമ്മേളനവും 2026–27 വർഷത്തെ ഭാരവാഹികളുടെ സ്ഥാനാരോഹണവും ചെമ്പേരി മെഡോസ് പാർക്ക് ഓഡിറ്റോറിയത്തിൽ നടന്നു. ലയൺസ് ഡിസ്ട്രിക്ട് മുൻ ഗവർണർ ഡോ. എസ്. രാജീവും ഭാര്യ ഡോ. ബാലാമണിയും ചേർന്ന് ഉദ്ഘാടനം ചെയ്തു. ക്ലബ് പ്രസിഡൻറ് മാത്തുക്കുട്ടി അലക്സ് അധ്യക്ഷത വഹിച്ചു.

സർവീസ് പ്രോജക്ടിന്റെ ഉദ്ഘാടനം ഏരുവേശി പഞ്ചായത്ത് അംഗം ത്രേസ്യ അഗസ്റ്റിൻ നിർവഹിച്ചു. സർവീസ് പ്രോജക്ടിന്റെ ഭാഗമായി പൂപ്പറമ്പ് ഏരുവേശി പിഎച്ച്സിക്ക് വീൽചെയർ കൈമാറി. ലയൺസ് ക്ലബ് ജില്ലാ സെക്രട്ടറി ബെന്നി ജോൺ, റീജണൽ ചെയർപേഴ്സൺ മഞ്ജു അഭിലാഷ്, സോൺ ചെയർപേഴ്സൺ വസന്തരാജ്, ബിനോയ് തോമസ്, ജിജി ഏബ്രഹാം, ജോഷി കുന്നത്ത് എന്നിവർ പ്രസംഗിച്ചു.

പുതിയ മെമ്പർമാരായ ബെന്നി മടുക്കക്കുഴി, റോയി മറ്റത്തിൻകര, ഷാജി അറയ്ക്കൽ എന്നിവരെ ഡോ. രാജീവ് ഇൻഡക്ട് ചെയ്തു. മെമ്പർമാരുടെ മക്കളിൽ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെ അനുമോദിച്ചു.



# ഓണത്തിനൊരു പൂമുറ്റം പദ്ധതിക്ക് തുടക്കം

**പുന്നത്തുറ:** ഓണക്കാലത്ത് വിദ്യാലയത്തിലും വിദ്യാർത്ഥികളുടെ വീടുകളിലും മനോഹരമായ പൂക്കളം ഒരുക്കുക എന്ന ലക്ഷ്യത്തോടെ സെന്റ് ജോസഫ് എൽപി സ്കൂളിന്റെ നേതൃത്വത്തിൽ ഓണത്തിനൊരു പൂമുറ്റം പദ്ധതിയുടെ ഭാഗമായി ചെണ്ടുമല്ലി കൃഷിക്ക് തുടക്കമായി. സ്കൂൾ മാനേജർ ഫാ. അനിൽ കരിപ്പിങ്ങാപുറത്തിൻറെ അധ്യക്ഷതയിൽ അയർക്കുന്നം കൃഷി ഓഫീസർ മനു കൃഷ്ണൻ കോട്ടയം ബ്ലോക്ക് ആത്മ എടിഎം പി. സനീഷ് എന്നിവർ ചേർന്ന് ചെണ്ടുമല്ലി തൈകൾ വിതരണം ചെയ്ത് പദ്ധതി ഉദ്ഘാടനം ചെയ്തു.

സ്കൂൾ വളപ്പിലെ ഏകദേശം 50 സെന്റ് സ്ഥലത്ത് 500 ൽപ്പരം ചെണ്ടുമല്ലി തൈകളാണ് നട്ടുപിടിപ്പിച്ചത്. ഓണക്കാലത്ത് വിദ്യാലയത്തിനും വിദ്യാർത്ഥികളുടെ വീടുകൾക്കും ആവശ്യമായ പൂക്കൾ സ്വന്തം കൃഷിയിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങൾ കൃഷിസ്ഥലം ഒരുക്കി പദ്ധതിക്ക് നേതൃത്വം നൽകി. പിടിഎ പ്രസിഡൻറ് സൈജു ജോസഫ്, എക്സിക്യൂട്ടീവ് അംഗങ്ങളായ കിഷോർ, സന്ധ്യ, സതീഷ് എന്നിവരും അധ്യാപകരായ കെവിൻ ടോം, ലിറ്റോ തോമസ്, മനോജ് കൃഷ്ണൻ, അർച്ചന, മെയ്മോൾ, ബാബിത എന്നിവർ നേതൃത്വം നൽകി.

പുന്നത്തുറ എസ്എച്ച് കോൺവെൻറിലെ മദർ സിസ്റ്റർ എൽസി റോസ്, പ്രധാനാധ്യാപിക കുഞ്ഞുമോൾ ആൻറണി ചക്യാത്ത്, ആൻസി കൃഷ്ണദാസ്, പള്ളി കൈക്കാരന്മാരായ ബെന്നി കുന്നത്തൂർ, മോനിച്ചൻ കുന്നക്കാട്ടുതറ എന്നിവർ പ്രസംഗിച്ചു.

# ബൈരക്കുപ്പ പാലം ഉടൻ യാഥാർത്ഥ്യമാകും

**ബത്തേരി:** കേരള, കർണ്ണാടക സർക്കാരുകളുടെ ഏകോപനത്തോടെ ബൈരക്കുപ്പ പാലത്തിനായുള്ള സാധ്യതകൾ പരിശോധിച്ചതായും സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതി വേഗത്തിൽ യാഥാർത്ഥ്യമാകുമെന്നും എം.പി പ്രിയങ്ക ഗാന്ധി വാദ്ര പറഞ്ഞു. കളക്ട്രേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേർന്ന ദിശ യോഗത്തിൽ സംസാരിക്കുകയായിരുന്നു എം.പി. ബൈരക്കുപ്പ പാലവുമായി ബന്ധപ്പെട്ട് വിഷയത്തിൽ കർണ്ണാടക മുഖ്യമന്ത്രിക്ക് കത്തയക്കുകയും പദ്ധതി പ്രദേശം നേരിട്ട് സന്ദർശിക്കുകയും ചെയ്തു. കർണ്ണാടക ഭാഗത്ത് നിന്നുള്ള വന ഭൂമിയിലൂടെയുള്ള വഴിക്ക് പകരമായി റവന്യൂ ഭൂമിയിലൂടെയുള്ള പാത കണ്ടെത്തിയതായും പദ്ധതിയ്ക്കായി വേഗത്തിൽ അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും എം.പി പറഞ്ഞു. ചുരംബൈപ്പാസ് റോഡ്, തളിപ്പുഴചിപ്പിലിത്തോട് റോഡുകളുടെ നിർമ്മാണ താമസം കേന്ദ്ര ഉപരിതല ഗതാഗതഹൈവേ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പിഎം ജർമൻ പദ്ധതികൾക്ക് കീഴിലെ ഫണ്ട് വൈകൽ, കാപ്പി കർഷകരുടെ പ്രതിസന്ധികൾ സംബന്ധിച്ച് കേന്ദ്ര മന്ത്രിയുമായി ചർച്ച നടത്തിയതായും എം.പി യോഗത്തിൽ അറിയിച്ചു.

വയനാട് മെഡിക്കൽ കോളേജ്, ട്രൈബൽ യൂണിവേഴ്സിറ്റി എന്നിവയുടെ തുടർ പ്രവർത്തനങ്ങൾ, ജില്ലയിലെ വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് സംസ്ഥാന മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ട്രൈബൽ യൂണിവേഴ്സിറ്റിയെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്സലൻസായി മാറ്റി ഗോത്ര വിഭാഗത്തിന്റെ സംസ്കാരം പാരമ്പര്യം സംരക്ഷിച്ച് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നകയാണ് ലക്ഷ്യമെന്നും എം പി പറഞ്ഞു. ദേശീയ ആരോഗ്യ ദൗത്യത്തിന് ഫണ്ട് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുൽ, ആയുഷ്മാൻ ഭാരത് കുടിശ്ശിക തീർപ്പാക്കൽ, ആശാ വർക്കർമാർക്കുള്ള ഇൻസെന്റീവ് കുടിശ്ശിക ലഭ്യമാക്കൽ എന്നിവ വേഗത്തിൽ പരിഹരിക്കാമെന്ന് കേന്ദ്ര ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രി ഉറപ്പുനൽകിയതായി എം.പി പറഞ്ഞു.

കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഉദ്യോഗസ്ഥർക്ക് എം.പി നിർദേശം നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ജില്ലയിലെ 37,033 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയതായും ഇതുവഴി 8,50,127 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടതായും പ്രൊജക്ട് കോഓർഡിനേറ്റർ അറിയിച്ചു. കുടിവെള്ളം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ശുചിത്വം, റോഡ് തുടങ്ങി ജനങ്ങളുടെ പ്രാദേശിക ആവശ്യങ്ങൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എം.പിയുടെ പ്രാദേശിക വികസന പദ്ധതിയിൽ വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കാനായി നിർദ്ദേശിച്ച 62 പദ്ധതികളിൽ നിന്നും 47 പദ്ധതികൾക്ക് അനുമതി ലഭിച്ചു. ഇതിൽ എട്ട് പ്രൊജക്ടുകൾ പൂർത്തിയാക്കുകയും 39 പദ്ധതികൾ പുരോഗമിക്കുന്നതായും യോഗത്തിൽ വിലയിരുത്തി. വയനാട് പാക്കേജിലൂടെ ജില്ലയുടെ വികസനത്തിനായി 2022-2026 കാലയളവിൽ ആകെ 116 പദ്ധതികൾക്കായി 18,644.30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ആറ് പദ്ധതികൾ പൂർത്തിയാവുകയും 110 എണ്ണം പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ മുഖേന പുൽപള്ളി സി.എച്ച്.സി ബി.എഫ്.എച്ച്.സിയാക്കി മാറ്റുന്ന പ്രവർത്തിന്റെ 95 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. കൽപ്പറ്റ ജനറൽ ആശുപത്രിയിലെ ദ്രവ മാലിന്യ പ്ലാന്റ് സ്ഥാപിക്കൽ, മാനന്തവാടിയിൽ മോഡേൺ മോർച്ചറി കോംപ്ലക്സ് നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനങ്ങൾ നടക്കുന്നതായും കൽപ്പറ്റ ജനറൽ ആശുപത്രിയിൽ 50 കിടക്കകളോടെയുള്ള ക്രിട്ടിക്കൽ കെയർ ബ്ലോക്കിന് 20.94 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായും അധികൃതർ അറിയിച്ചു.

പ്രധാൻ മന്ത്രി ആവാസ് യോജന, പി.എം.എ.വൈ, പി.എംജൻമൻ, പ്രധാൻ മന്ത്രി കൃഷി സിഞ്ചായീ യോജന, പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന പദ്ധതി, ഉച്ചഭക്ഷണ പദ്ധതികൾ യോഗത്തിൽ വിലയിരുത്തി. ബേട്ടി ബച്ചാവോ ബേട്ടി പഠാവോ ആൻഡ് മിഷൻ ശക്തി പദ്ധതി ജില്ലയിൽ മികച്ച രീതിയിൽ നടപ്പാക്കുന്നതിന് അധികൃതരെ എം.പി യോഗത്തിൽ അഭിനന്ദിച്ചു. വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി യോഗത്തിൽ അവലോകനം ചെയ്തു. കളക്ട്രേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ മന്ത്രി അഡ്വ. ടി സദ്ധീഖ്, ഐ.സി ബാലകൃഷ്ണൻ, ഉഷ വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ, ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ, എ.ഡി.എം ക അജീഷ്, ജനപ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY


# ഫാന്റസി ചിത്രവുമായി ജയസൂര്യ 'മായൻ' ആഗസ്റ്റ് 12ന് ആരംഭിക്കും

മാജിക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ രാജീവ് ഗോവിന്ദൻ നിർമ്മിക്കുന്ന ജിതിൻ കെ ജോസ്ജയസൂര്യ ചിത്രം മായൻ ചാപ്റ്റർ 1ന്റെ ഷൂട്ടിംഗ് ഓഗസ്റ്റ് 12ന് ആരംഭിക്കും. സൂപ്പർ ഹിറ്റ് ചിത്രം കളങ്കാവലിന് ശേഷം ജിതിൻ കെ ജോസ് സംവിധാനം ചെയ്യുന്ന ചിത്രം കഴിഞ്ഞ മാസം ആണ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ഓർഡിനറി, അനാർക്കലി എന്നീ ബ്ലോക്ക് ബസ്റ്റർ ചിത്രങ്ങൾ നിർമ്മിച്ച മാജിക് മൂൺ പ്രൊഡക്ഷൻസ് നിർമ്മിക്കുന്ന മൂന്നാമത്തെ ചിത്രമാണിത്. റാഫിയും ജിതിൻ കെ ജോസും ചേർന്നാണ് ഈ ചിത്രത്തിന്റെ തിരക്കഥ ഒരുക്കുന്നത്.

മലയാള സാഹിത്യത്തിലുൾപ്പെടെ പരാമർശിക്കപ്പെട്ടിട്ടുള്ള വളരെ പോപ്പുലർ ആയ ഒരു വിഷയമാണ് 'കറുത്തച്ചനൂട്ട്' എന്നതും ഈ സിനിമയുമായി ബന്ധപ്പെട്ട് പ്രേക്ഷകരുടെ കൗതുകവും ആകാംക്ഷയും വർധിപ്പിക്കുന്നുണ്ട്. എന്നാൽ ചിത്രം ഒരുങ്ങുന്നത് ഈ വിഷയത്തെ അടിസ്ഥാനമാക്കിയാണോ എന്ന സ്ഥിരീകരണം അണിയറ പ്രവർത്തകർ ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല. ജയസൂര്യ ,നൈല ഉഷ എന്നിവർക്കൊപ്പം വിജയ് ബാബുവും നിരഞ്ജന അനൂപും ഐശ്വര്യ രാജും ജിബിൻ ഗോപിനാഥും സുപ്രധാന വേഷങ്ങൾ ചെയ്യുന്നു.

കളങ്കാവൽ ടീമിലെ പ്രധാന സാങ്കേതിക പ്രവർത്തകർ എല്ലാം തന്നെ ഈ ചിത്രത്തിലൂടെ വീണ്ടും ഒന്നിക്കുകയാണ്. ക്യാമറ കൈകാര്യം ചെയ്യുന്നത് ഫൈസൽ അലി, സംഗീതം ഒരുക്കുന്നത് മുജീബ് മജീദ്, എഡിറ്റിംഗ് നിർവഹിക്കുന്നത് പ്രവീൺ പ്രഭാകർ എന്നിവരാണ്.

ലൈൻ പ്രൊഡ്യൂസർ രോഹിത്ത് ആർ നായർ, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, പിആർഒ & ഡിജിറ്റൽ മാർക്കറ്റിംഗ് വിപിൻ കുമാർ വി, സ്റ്റിൽസ് സിനത് സേവ്യർ, ഡിസൈൻസ് ആന്റണി സ്റ്റീഫൻ.






# 25 കോടിയ്ക്ക് മുകളിൽ കളക്ഷൻ നേടി ബാലൻ ദി ബോയ് മഹാവിജയത്തിലേക്ക്



ചിദംബരം സംവിധാനം ചെയ്യുന്ന ബാലൻ ദി ബോയ് ഓരോ ദിവസവും പ്രേക്ഷകരെയും നിരൂപകരെയും വിസ്മയിപ്പിച്ചു കൊണ്ട് പ്രദർശന വിജയം തുടരുകയാണ്. ആഗോള തലത്തിലുള്ള പ്രേക്ഷകരിൽ നിന്നും കയ്യടി നേടി, മലയാള സിനിമയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും മികച്ച ചിത്രങ്ങളിൽ ഒന്നായാണ് ബാലൻ കുതിപ്പ് തുടരുന്നത്. ഇപ്പോഴിതാ, ചിത്രത്തിലെ സൂപ്പർ ഹിറ്റായി മാറിയ 'എങ്ങോട്ടാ' എന്ന ഗാനത്തിന്റെ വീഡിയോ പുറത്ത് വിട്ടിരിക്കുകയാണ് അണിയറ പ്രവർത്തകർ. ഗാനത്തിന് വരികൾ രചിച്ചത് അൻവർ അലിയും ഗാനം ആലപിച്ചത് സുഷിൻ ശ്യാമുമാണ്. സുഷിൻ ശ്യാം തന്നെയാണ് ഗാനത്തിന് സംഗീതം പകർന്നതും. സംവിധായകൻ ജിത്തു മാധവൻ രചന നിർവഹിച്ച ചിത്രം നിർമ്മിച്ചിരിക്കുന്നത് കെ വി എൻ പ്രൊഡക്ഷൻസ്, തെസ്പിയൻ ഫിലിംസ് എന്നിവയുടെ ബാനറിൽ വെങ്കട്ട് കെ നാരായണ, ശൈലജ ദേശായി ഫെൻ എന്നിവർ ചേർന്നാണ്.

ചിത്രത്തിലെ കേന്ദ്ര കഥാപാത്രങ്ങളായ അമ്മയും മകനും എങ്ങോട്ടെന്നില്ലാതെ നടത്തുന്ന യാത്രകളും, ആ യാത്രയിൽ അവർ നേരിടുന്ന സംഭവങ്ങളുമാണ് ഈ ഗാനത്തിലൂടെ പ്രേക്ഷകരുടെ മുന്നിലെത്തുന്നത്. ചിത്രത്തിന്റെ കഥയെ മുന്നോട്ട് കൊണ്ട് പോകുന്ന ഈ ഗാനം മനോഹരമായ ദൃശ്യങ്ങൾ കൊണ്ടും സമ്പന്നമാണ്. ഷൈജു ഖാലിദ് ആണ് ചിത്രത്തിന് വേണ്ടി ഗംഭീര ദൃശ്യങ്ങൾ ഒരുക്കിയത്. നേരത്തെ പുറത്ത് വന്ന, ചിത്രത്തിലെ താക്കോൽ എന്ന ഗാനവും മികച്ച പ്രേക്ഷക ശ്രദ്ധ നേടിയിരുന്നു. ഒരമ്മയുടെയും മകന്റെയും ജീവിതത്തിലൂടെ സഞ്ചരിച്ചു കൊണ്ട് വ്യക്തിത്വത്തിന്റെയും അതിജീവനത്തിന്റെയും കഥയാണ് ചിത്രം പ്രേക്ഷകർക്ക് മുന്നിലെത്തിക്കുന്നത്.

സസ്പെൻസും ത്രില്ലും നിറഞ്ഞ ചിത്രം വൈകാരിക നിമിഷങ്ങൾ കൊണ്ടും, മിസ്റ്ററി കൊണ്ടും ഒരു ഗംഭീര തീയേറ്റർ അനുഭവമാണ് സമ്മാനിക്കുന്നത്.

ജൂൺ 19 ന് ആഗോള റിലീസായി എത്തിയ ചിത്രം ഏവരിൽ നിന്നും പ്രശംസ നേടി നിറഞ്ഞ സദസ്സുകളിലാണ് പ്രദർശിപ്പിക്കുന്നത്. കാൻ ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി മാർഷേ ഡു ഫിലിമിൽ പ്രദർശിപ്പിച്ച ചിത്രം അവിടേയും മികച്ച നിരൂപക പ്രശംസ നേടിയിരുന്നു. ആദിശേഷൻ, ഫർസാന പാലത്തിങ്കൽ, മുഹമ്മദ് സിനാൻ, ഡോളി ജൂൺ, ജീൻ പോൾ ലാൽ, ഗിരീഷ് എ ഡി, ബീന ആന്റണി എന്നിവരാണ് ചിത്രത്തിലെ പ്രധാന വേഷങ്ങൾ ചെയ്തത്. ടോവിനോ തോമസും ചിത്രത്തിലെ ഒരു നിർണായക കഥാപാത്രമായി എത്തി കയ്യടി നേടി. മലയാളം, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലായി ആണ് ചിത്രം റിലീസ് ചെയ്തത്.

ഛായാഗ്രഹണം ഷൈജു ഖാലിദ്, സംഗീതം സുഷിൻ ശ്യാം. എഡിറ്റർ വിവേക് ഹർഷൻ, പ്രൊഡക്ഷൻ ഡിസൈനർ അജയൻ ചാലിശ്ശേരി, കാസ്റ്റിംഗ് ഡയറക്ടർ/ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ഗണപതി, വസ്ത്രാലങ്കാരം സപ്ന കാജാ റാവുത്തർ, മേക്കപ്പ് റോണക്സ് സേവ്യർ, ആർട്ട് ഡയറക്ടർ ഇന്ദുലാൽ കാവീട്, ഓഡിയോഗ്രഫി ഷിജിൻ മെൽവിൻ ഹട്ടൻ, അഭിഷേക് നായർ, അസ്സോസിയേറ്റ് പ്രൊഡ്യൂസഴ്സ് സുപ്രീത്, ധവൽ ജട്ടാനിയ, പൂജ ഷാ, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, അസ്സോസിയേറ്റ് ഡിറക്ടേഴ്സ് ബിനു ബാലൻ, എസ് കെ ശ്രീരാഗ്, കളറിസ്റ്റ് ശ്രീക് വാര്യർ, വിഎഫ്എക്സ് എഗ്ഗ് വൈറ്റ് വിഎഫ്എക്സ്, സ്റ്റിൽ ഫോട്ടോഗ്രാഫർ രോഹിത് കെ സുരേഷ്, പിആർഒ വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്സ്.

# ചെന്നൈസ് അമിർത കാമ്പസ് ഇനി കൊച്ചിയിലും

**ചെന്നൈ:** കരിയർ സുരക്ഷിതമാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് മുൻഗണന നൽകി ഹോട്ടൽ മാനേജ്മെൻ്റ്, ഏവിയേഷൻ, നഴ്സിംഗ് കോഴ്സുകളുമായി ദക്ഷിണേന്ത്യയിലെ പ്രമുഖ വിദ്യാഭ്യാസ ശൃംഖലയായ ചെന്നൈസ് അമിർത ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് കേരളത്തിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നു.

കേരളത്തിൽ ആദ്യത്തെ കാമ്പസ് കൊച്ചിയിലാണ് ആരംഭിക്കുക. നഴ്സിംഗ്, ഹോട്ടൽ മാനേജ്മെൻ്റ്, ഏവിയേഷൻ എന്നിവയിൽ മികച്ച കോഴ്സുകൾ ഇവിടെ നൽകും.

മികച്ച ലൈവ് പരിശീലനം ഉറപ്പാക്കുന്ന സംവിധാനങ്ങൾ, സ്മാർട്ട് ക്ലാസ് റൂമുകൾ, ഡിജിറ്റൽ ലൈബ്രറി, വൈഫൈ കാമ്പസ് തുടങ്ങിയ സംവിധാനങ്ങൾക്ക് പുറമെ എസി, നോൺ എസി ഹോസ്റ്റലുകൾ, സ്വന്തമായി ട്രാൻസ്പോർട്ട് സൗകര്യം, ഇൻഡസ്ട്രിയൽ വിസിറ്റുകൾ, മികച്ച പ്ലേസ്മെൻ്റ് സെൽ എന്നിവയും ഇൻസ്റ്റിറ്റ്യൂട്ടിൻ്റെ പ്രത്യേകതകളാണ്.

ഹൈദരാബാദ്, ബംഗളൂരു, ചെന്നൈ എന്നീ നഗരങ്ങളിൽ ചെന്നൈസ് അമൃത ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന് അത്യാധുനിക കാമ്പസുകളുണ്ട്.

# എം.എസ്. ധോണി ഡ്രൈവ് ബ്രാൻഡ് അംബാസഡർ

**കൊച്ചി:** ആഗോള ഓട്ടോമോട്ടീവ് ആഫ്റ്റർമാർക്കറ്റ് കമ്പനിയായ ഡ്രൈവ് ഇന്ത്യയുടെ ദേശീയ ബ്രാൻഡ് അംബാസഡറായി മുൻ ഇന്ത്യൻ ക്രിക്കറ്റ് നായകൻ മഹേന്ദ്ര സിംഗ് ധോണിയെ നിയമിച്ചു.

ഇന്ത്യയിലെ ആഫ്റ്റർമാർക്കറ്റ് രംഗത്ത് വിശ്വാസവും ഗുണനിലവാരവും കൂടുതൽ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണു ധോണിയെ ബ്രാൻഡിൻ്റെ മുഖമാക്കിയതെന്നു കമ്പനി അറിയിച്ചു.

# കെഎഫ്സിയിൽ നിന്ന് 5 കോടി രൂപ വരെ വായ്പ; 6% പലിശ

**തിരുവനന്തപുരം:** കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ്റെ മുഖ്യപദ്ധതിയായ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടിയുടെ വായ്പാ പരിധി 5 കോടി രൂപയായി ഉയർത്തി. സംസ്ഥാന ബജറ്റിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ നടത്തിയ പ്രഖ്യാപനത്തിൻ്റെ അടിസ്ഥാനത്തിലാണ് തീരുമാനം. രണ്ട് കോടി രൂപയായിരുന്ന വായ്പാ പരിധിയാണ് അഞ്ച് കോടിയാക്കിയിരിക്കുന്നത്.

ആറ് ശതമാനമാണ് പദ്ധതിയുടെ വാർഷിക പലിശ നിരക്ക്. ഇതിൽ ആദ്യ അഞ്ച് വർഷത്തേക്ക് 3 ശതമാനം പലിശ സബ്സിഡി സംസ്ഥാന സർക്കാർ നൽകുന്നുണ്ട് സംരംഭകരുടെ ഉയർന്ന പ്രായപരിധി 50ൽ നിന്ന് 60 വയസാക്കാനും തീരുമാനം.

ചെറുകിട, ഇടത്തരം സംരംഭകർക്ക് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പരിധി 5 കോടിയായി വർധിപ്പിച്ചതോടെ, സംരംഭകർക്ക് കൂടുതൽ വിപുലമായ ബിസിനസ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിലവിലുള്ളവ വളർത്തുന്നതിനും വഴിയൊരുങ്ങും.

സംസ്ഥാനത്ത് ആയിരക്കണക്കിന് സംരംഭങ്ങൾക്ക് കരുത്തേകാൻ സിഎംഇഡിപി പദ്ധതിക്ക് സാധിച്ചിട്ടുണ്ടെന്ന് കെഎഫ്സി മാനേജിങ് ഡയറക്ടർ എൻ.എസ്.കെ. ഉമേഷ് ഐഎഎസ് വ്യക്തമാക്കി. ഇതുവരെ 3,149 സംരംഭങ്ങൾക്കായി 1,512.38 കോടി രൂപയാണ് പദ്ധതിയിലൂടെ വായ്പയായി നൽകിയത്. ഇതിലൂടെ 94,470 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പ്രായപരിധി 60 വയസാക്കിയതോടെ കൂടുതൽ അനുഭവസമ്പന്നരായ സംരംഭകർക്ക് പദ്ധതിയുടെ ഭാഗമാകാൻ അവസരം ലഭിക്കും. ഉദ്യം രജിസ്ട്രേഷൻ ഉള്ള സംരംഭകർക്ക് കെഎഫ്സിയുടെ ഏറ്റവും അടുത്തുള്ള ശാഖ വഴിയോ കോർപ്പറേഷൻ്റെ വെബ്സൈറ്റ് (www.kfc.org) വഴിയോ അപേക്ഷ സമർപ്പിക്കാം. ഭേദഗതികൾ വരുത്തിയ പുതിയ വായ്പാ വിതരണം ഉടൻ ആരംഭിക്കുമെന്ന് കെഎഫ്സി അറിയിച്ചു.

# എഐ പരാജയപ്പെട്ടു; 350 വിദഗ്ധ എൻജിനിയർമാരെ തിരികെ വിളിച്ച് ഫോർഡ് മോട്ടോർസ്

**ഡിട്രോയിറ്റ്:** ആർട്ടിഫിഷൽ ഇൻ്റലിജൻസ് സാങ്കേതികവിദ്യക്ക് തങ്ങൾ പ്രതീക്ഷിച്ച ഗുണനിലവാരം നൽകാൻ കഴിയാതെ വന്നതിനെ തുടർന്ന് പ്രമുഖ വാഹന നിർമാതാക്കളായ ഫോർഡ് മുന്നൂറ്റമ്പതോളം പരിചയസമ്പന്നരായ എൻജിനിയർമാരെ ജോലിയിൽ തിരികെ പ്രവേശിപ്പിച്ചു.

പ്രവർത്തനങ്ങൾ കൂടുതൽ ലളിതമാക്കാൻ എഐ സാങ്കേതികവിദ്യയെ അമിതമായി ആശ്രയിക്കുന്ന മറ്റ് ആഗോള കമ്പനികൾക്കുള്ള ശക്തമായ മുന്നറിയിപ്പാണ് ഫോർഡിൻ്റെ ഈ പുതിയ തീരുമാനം.

വാഹനങ്ങളുടെ ഗുണനിലവാര വികസന പ്രക്രിയയിൽ എഐ ഉപയോഗിച്ചപ്പോൾ, പതിറ്റാണ്ടുകളുടെ പ്രവൃത്തിപരിചയമുള്ള എൻജിനിയർമാരുടെ പ്രാധാന്യം തങ്ങൾ വിലകുറച്ചു കണ്ടതായി ഫോർഡിൻ്റെ വെഹിക്കിൾ ഹാർഡ്‌വെയർ എൻജിനിയറിംഗ് വൈസ് പ്രസിഡൻ്റ് ചാർലസ് പൂൺ മാധ്യമങ്ങളോട് സമ്മതിച്ചു.

എൻജിനീയർമാരെ തിരികെ വിളിച്ചെങ്കിലും എഐ സാങ്കേതികവിദ്യ പൂർണമായി ഉപേക്ഷിക്കാൻ ഫോർഡ് തയ്യാറല്ല. പകരം, എഐ സിസ്റ്റങ്ങളെ കൂടുതൽ ശക്തമാക്കാനാണ് കമ്പനിയുടെ തീരുമാനം.

ഇതിനായി സോഫ്റ്റ്‌വേർ ക്വാളിറ്റി അഷ്വറൻസിനായി 40 വിദഗ്ധരടങ്ങുന്ന പ്രത്യേക സംഘത്തെ നിയോഗിക്കുകയും, സോഫ്റ്റ്‌വേറിലെ മാറ്റങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തുന്നതിന് മുൻപ് പരിശോധിക്കാൻ ഒരു ലക്ഷത്തിലധികം എഐ ഓട്ടോമേറ്റഡ് ടെസ്റ്റുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

# 199.75 കോടി രൂപയുടെ റൈറ്റ്സ് ഇഷ്യൂവുമായി സുമീത് ഇൻഡസ്ട്രീസ്

**കൊച്ചി:** പ്രമുഖ പോളിസ്റ്റർ നിർമ്മാണ കമ്പനിയായ സുമീത് ഇൻഡസ്ട്രീസ് ലിമിറ്റഡ് 199.75 കോടി രൂപ സമാഹരിക്കുന്നതിനായി റൈറ്റ്സ് ഇഷ്യൂ പ്രഖ്യാപിച്ചു. കമ്പനിയുടെ സാമ്പത്തിക ഭദ്രത വർദ്ധിപ്പിക്കുന്നതിനും തന്ത്രപ്രധാനമായ ബിസിനസ്സ് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും വേണ്ടിയാണ് ഈ മൂലധന സമാഹരണം നടത്തുന്നത്. പ്രതി ഓഹരിക്ക് 11.86 രൂപ നിരക്കിൽ 16.84 കോടി ഇക്വിറ്റി ഓഹരികളാണ് റൈറ്റ്സ് ഇഷ്യൂ വഴി വിതരണം ചെയ്യുന്നത്. ഇഷ്യൂ ജൂലൈ 20 വരെ ലഭ്യമായിരിക്കും.

റൈറ്റ്സ് ഇഷ്യൂവിലൂടെ ലഭിക്കുന്ന തുക പ്രധാനമായും നാല് മേഖലകളിലാണ് വിനിയോഗിക്കുക. ഇതിൽ 100 കോടി രൂപ കമ്പനിയുടെ ദൈനംദിന പ്രവർത്തന മൂലധനത്തിനായും 49.90 കോടി രൂപ സൂറ്റിലെ നകോഡ ലിമിറ്റഡിൽ നിന്ന് വാങ്ങിയ പ്രതിവർഷം 1,40,000 ടൺ ശേഷിയുള്ള പോളിസ്റ്റർ ചിപ്സ് പ്ലാൻ്റിൻ്റെ നവീകരണത്തിനുമായി ഉപയോഗിക്കും. കൂടാതെ, സാമ്പത്തിക ബാധ്യതകൾ കുറയ്ക്കുന്നതിനായി 23 കോടി രൂപ കടം തിരിച്ചടവിനും, ഊർജ്ജ ചെലവുകൾ ലാഭിക്കുന്നതിനായി 6.5 മെഗാവാട്ടിൻ്റെ സോളാർ പവർ പ്ലാൻ്റ് സ്ഥാപിക്കാൻ 22 കോടി രൂപയും കമ്പനി മാറ്റിവെക്കും. പുതിയ ബിസിനസ്സ് വിപുലീകരണങ്ങളിലൂടെ വരും വർഷങ്ങളിൽ ശക്തമായ സാമ്പത്തിക വളർച്ചയാണ് കമ്പനി പ്രതീക്ഷിക്കുന്നത്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ 202627 സാമ്പത്തിക വർഷത്തിൽ ആകെ വരുമാനത്തിൽ 30 ശതമാനം വളർച്ചയും, തുടർന്ന് 2027 28 സാമ്പത്തിക വർഷത്തിൽ വരുമാനം ഇരട്ടിയാകുമെന്നും സുമീത് ഇൻഡസ്ട്രീസ് വ്യക്തമാക്കുന്നു. ദീർഘകാലാടിസ്ഥാനത്തിൽ കമ്പനിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും ഓഹരി ഉടമകൾക്ക് മികച്ച നേട്ടം സമ്മാനിക്കാനും ഈ റൈറ്റ്സ് ഇഷ്യൂ സഹായിക്കുമെന്ന് കമ്പനി മാനേജിംഗ് ഡയറക്ടർ പ്രതീക് ആർ. ജാജു അഭിപ്രായപ്പെട്ടു.



# നെസ്റ്റോ ഗ്രൂപ്പിന് ഗോ ഗ്രീൻ ക്യൂബ് ഇന്നൊവേറ്റേഴ്സ് സുസ്ഥിരതാ പുരസ്കാരം

**ദുബായ്:** പരിസ്ഥിതി സൗഹൃദപരമായ പ്രവർത്തനങ്ങളിലൂടെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ മികച്ച വിനിയോഗത്തിലൂടെയും മികച്ച നേട്ടം കൈവരിച്ച പ്രമുഖ റീട്ടെയിൽ ഗ്രൂപ്പായ നെസ്റ്റോ ഗ്രൂപ്പിന് ഗോ ഗ്രീൻ സുസ്ഥിരതാ പുരസ്കാരം നൽകി. ക്യൂബ് ഇന്നൊവേറ്റേഴ്സ് ടെക്നോളജീസ് കമ്പനിയാണ് പരിസ്ഥിതി സംരക്ഷണത്തോടുള്ള നെസ്റ്റോയുടെ മികച്ച പ്രതിബദ്ധത കണക്കിലെടുത്ത് ഈ പുരസ്കാരം നൽകിയത്. ഓഫീസ് പ്രവർത്തനങ്ങൾ പൂർണമായും കടലാസ് രഹിതമാക്കിയതാണ് നെസ്റ്റോയെ ഈ പുരസ്കാരത്തിന് അർഹമാക്കിയത്.

യുഎഇയിലെ പ്രമുഖ റീട്ടെയിൽ ശൃംഖലയായ നെസ്റ്റോ ഗ്രൂപ്പ്, തങ്ങളുടെ ഹ്യൂമൻ റിസോഴ്സ് (എച്ച്ആർ), ഫിനാൻസ്, സ്റ്റോറുകൾ, മറ്റ് ബാക്ക് ഓഫീസ് വിഭാഗങ്ങൾ എന്നിവയിലെല്ലാം കോണ്ടൻറ്വേഴ്സ് ഡോക്യുമെൻ്റ് മാനേജ്മെൻ്റ് സിസ്റ്റം വിജയകരമായി നടപ്പിലാക്കി പേപ്പർ ഫയലുകൾക്ക് പകരം ഡിജിറ്റൽ വർക്ക്ഫ്ലോകൾ ഉപയോഗിച്ചതിലൂടെ ഏകദേശം 3.3 കോടി രേഖകളാണ് നെസ്റ്റോ ഡിജിറ്റൈസ് ചെയ്തത്. ഈ പദ്ധതിയിലൂടെ കടലാസ്, പ്രിൻ്റിങ്, സംഭരണച്ചെലവ് എന്നിവയിൽ 80 ശതമാനത്തോളം കുറവുണ്ടായതായാണ് കണക്കാക്കുന്നത്.

പരിസ്ഥിതി സുസ്ഥിരതയും ഡിജിറ്റൽ നവീകരണവും എങ്ങനെ ഒന്നിച്ച് കൊണ്ടുപോകാമെന്ന് നെസ്റ്റോ തെളിയിച്ചിരിക്കുകയാണെന്നും, റീട്ടെയിൽ മേഖലയ്ക്ക് ഇതൊരു മികച്ച മാതൃകയാണെന്നും ക്യൂബ് ഇന്നൊവേറ്റേഴ്സ് ടെക്നോളജീസ് ഗ്ലോബൽ ഡയറക്ടർ സെബി സിറിയക് പറഞ്ഞു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ കുറയ്ക്കുന്നതിനുള്ള ഗ്രീൻ ഹോപ്പ് പദ്ധതി, കേന്ദ്ര സംഭരണശാലകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച ഗ്രീൻ വെയർഹൗസ് പദ്ധതി, യുഎഇയിലെ പ്രാദേശിക കർഷകരെ പിന്തുണയ്ക്കുന്ന 'ഗ്രീൻ എമിറാത് സംരംഭം, ഇനാം ആപ്പ് വഴിയുള്ള ഡിജിറ്റൽ ബില്ലിംഗ് എന്നിവ നെസ്റ്റോയുടെ മറ്റ് പ്രധാന പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളാണ്.

സുസ്ഥിര വികസനം തങ്ങളുടെ ദീർഘകാല ബിസിനസ് തന്ത്രത്തിൻ്റെ പ്രധാന ഭാഗമാണെന്ന് നെസ്റ്റോ ഗ്രൂപ്പ് എച്ച്ആർ ആൻഡ് അഡ്മിൻ മാനേജർ എൻ.പി. ഷംസുദ്ദീൻ വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കേരള ജ്വല്ലറി ഇന്റർനാഷണൽ ഫെയർ ജൂലൈ മൂന്നു മുതൽ

**കൊച്ചി:** കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ കേരള ജ്വല്ലറി ഇന്റർനാഷണൽ ഫെയർ (കെജെഐഎഫ്) സ്വർണം, വെള്ളി, ഡയമണ്ട്, പ്ലാറ്റിനം ആഭരണങ്ങളുടെ പ്രദർശനം ജൂലൈ മൂന്ന്, നാല്, അഞ്ച് തീയതികളിൽ അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെൻററിൽ നടക്കുമെന്ന് സംസ്ഥാന പ്രസിഡൻറ് കെ. സുരേന്ദ്രൻ, ജനറൽ സെക്രട്ടറി അഡ്വ. എസ്. അബ്ദുൾ നാസർ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

ജൂലൈ മൂന്നിന് രാവിലെ 10ന് മന്ത്രി പി.സി. വിഷ്ണുനാഥ് പ്രദർശനം ഉദ്ഘാടനം ചെയ്യും. 10.30 ന് ചേരുന്ന സമ്മേളനം മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും. കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ അധ്യക്ഷത വഹിക്കും. ഉച്ചയ്ക്ക് ശേഷം നടക്കുന്ന ജ്വല്ലറി ബിസിനസ് ടുഡേ ആൻഡ് ഫ്യൂച്ചർ സെമിനാർ മന്ത്രി എം. ലിജു ഉദ്ഘാടനം ചെയ്യും. വൈകുന്നേരം ഏഴിനു നടക്കുന്ന ഫാഷൻ ഷോ, നെറ്റ് വർക്കിംഗ് നൈറ്റ് പ്രോഗ്രാം മന്ത്രി റോജി എം. ജോൺ ഉദ്ഘാടനം ചെയ്യും.

ജൂലൈ നാലിന് രാവിലെ 11ന് 'സ്വർണ വ്യാപാരികളും പോലീസ് റിക്കവറിയും യൂത്ത് കോൺക്ലേവ്' ജെൻ ഇസെഡ് സെമിനാറിന്റെ ഉദ്ഘാടനം ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർവഹിക്കും. ഉച്ചയ്ക്ക് മൂന്നിന് നടക്കുന്ന ഗോൾഡ് മെറ്റൽ ലോണിനെക്കുറിച്ചുള്ള ബാങ്കേഴ്സ് സെമിനാർ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ ഉദ്ഘാടനം ചെയ്യും.

ജൂലൈ അഞ്ചിന് 5,000 സ്വർണ വ്യാപാരികൾ പങ്കെടുക്കുന്ന സംസ്ഥാന കൺവൻഷൻ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന പ്രസിഡൻറ് കെ. സുരേന്ദ്രൻ അധ്യക്ഷത വഹിക്കും. നടി നമിത പ്രമോദ് മുഖ്യാതിഥിയായിരിക്കും.

ഇന്ത്യയിലെ പ്രമുഖ ആഭരണ നിർമാതാക്കൾ, ഹോൾസെയിൽ വ്യാപാരികൾ, റീട്ടെയിൽ വ്യാപാരികൾ, ഡിസൈനർമാർ, സാങ്കേതിക വിദഗ്ധർ, മെഷിനറി വിതരണക്കാർ തുടങ്ങിയവർ പ്രദർശനത്തിൽ പങ്കെടുക്കുമെന്നു ഭാരവാഹികൾ വ്യക്തമാക്കി. കേരളത്തിലെ ഏറ്റവും വലിയ ബി ടു ബി ജ്വല്ലറി ട്രേഡ് എക്സിബിഷൻ ബിസിനസ് നെറ്റ്‌വർക്കിംഗ്, സോഴ്സിംഗ്, ഏറ്റവും പുതിയ ആഭരണങ്ങളുടെ ലോഞ്ചുകൾ എന്നിവയ്ക്കുള്ള പ്രധാന വേദിയാകും.

75,000 ചതുരശ്ര അടി വിസ്തീർണമുള്ള സ്ഥലത്ത് നടക്കുന്ന പ്രദർശനത്തിൽ ആഭരണ നിർമാതാക്കളുടെയും വിതരണക്കാരുടെയും 400 ഓളം ബ്രാൻഡുകൾ പങ്കെടുക്കും. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള 10,000 ത്തിലധികം ജ്വല്ലറികളുടെ പ്രതിനിധികളുണ്ടാകും. കേരളത്തിൽ നിന്നുള്ള ആഭരണ നിർമാതാക്കളുടെ പ്രത്യേക പവലിയൻ പ്രദർശനത്തിൽ ഉണ്ടാകും. പത്രസമ്മേളനത്തിൽ യുണൈറ്റഡ് എക്സിബിഷൻ പ്രോജക്ട് ഹെഡ് സത്യസായിയും പങ്കെടുത്തു.



# ശീമാട്ടി യംഗ് ഫെയ്സ് ഓഫ് ദ് യംഗ് ഗ്രാൻഡ് ഫിനാലെ: വേദയും വർണയും വിജയികൾ

**കൊച്ചി:** കേരളത്തിലെ യുവതലമുറയുടെ ആത്മവിശ്വാസവും വ്യക്തിത്വവും കഴിവുകളും കണ്ടെത്തുന്നതിനായി ശീമാട്ടി യംഗ് സംഘടിപ്പിച്ച ഫെയ്സ് ഓഫ് ദ് യംഗ് ഗ്രാൻഡ് ഫിനാലെ 2026 (സീസൺ 3) ൽ ടീൻ വിഭാഗത്തിൽ വേദാ അനിൽകുമാറും യംഗ് വിഭാഗത്തിൽ വർണ രാജനും ജേതാക്കളായി.

ടീൻ വിഭാഗത്തിൽ അനാനിക വിഷ്ണു ഒന്നാം റണ്ണറപ്പായും, വിവാൻ വിനോദ് രണ്ടാം റണ്ണറപ്പായും തെരഞ്ഞെടുക്കപ്പെട്ടു. യംഗ് വിഭാഗത്തിൽ ആതിര അജിത്താണ് ഒന്നാം റണ്ണറപ്പ്. ടോം പോൾജി രണ്ടാം റണ്ണറപ്പ് സ്ഥാനവും സ്വന്തമാക്കി. കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിലാണ് ഗ്രാൻഡ് ഫിനാലെ നടന്നത്.

കേരളത്തിലുടനീളമുള്ള യുവതീയുവാക്കളിൽനിന്ന് ലഭിച്ച 2,000ത്തിലധികം എൻട്രികളിൽനിന്നു കൊച്ചി ശീമാട്ടിയിൽ നടന്ന രണ്ട് റൗണ്ട് ഓഡിഷനുകൾക്കു ശേഷമാണ് അവസാന മത്സരത്തിലേക്ക് അർഹത നേടിയ 20 ഫൈനലിസ്റ്റുകളെ തെരഞ്ഞെടുത്തത്. ടീൻ (1318 വയസ്), യംഗ് (1925 വയസ്) എന്നീ രണ്ടു വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്.

ശീമാട്ടി സിഇഒയും ലീഡ് ഡിസൈനറുമായ ബീനാ കണ്ണൻ, ശീമാട്ടി ഹെഡ് ഡിസൈനർ ജോബിൻ ജോയ്, മോഡലും ഫിലിം മേക്കറുമായ മോനിഷാ മോഹൻ മേനോൻ എന്നിവരടങ്ങിയ ജൂറിയാണ് വിജയികളെ തെരഞ്ഞെടുത്തത്. ഗ്രാൻഡ് ഫിനാലെ ചടങ്ങിൽ ബീനാ കണ്ണൻ വിജയികളെ കിരീടം അണിയിച്ച് ആദരിച്ചു.

സമാപനത്തോടനുബന്ധിച്ച് റാപ്പർമാരായ എംസി കൂപ്പർ, എംഎച്ച്ആർ എന്നിവരുടെ ലൈവ് കൺസേർട്ടും അരങ്ങേറി.



# പ്രത്യേക ആനുകൂല്യങ്ങളും പ്രീമിയം ഫീച്ചറുകളുമായി മഹീന്ദ്ര എക്സ്‌യുവി ത്രിഎക്സ്ഒ സീരീസ്

**കൊച്ചി:** മഹീന്ദ്രയുടെ എസ്‌യുവി എക്സ്‌യുവി ത്രിഎക്സ്ഒ, ഇലക്ട്രിക് മോഡലായ എക്സ്‌യുവി ത്രിഎക്സ്ഒ ഇവി എന്നീ മോഡലുകൾ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്കായി ആകർഷകമായ പ്രത്യേക ആനുകൂല്യങ്ങൾ. ഒപ്പം 100 ശതമാനം ഓൺറോഡ് ഫിനാൻസ് സൗകര്യവും. ഇതോടെ ഈ ആധുനിക സവിശേഷതകളും പ്രീമിയം ലുക്കും ഒത്തുചേരുന്ന മഹീന്ദ്ര എക്സ്‌യുവി ത്രിഎക്സ്ഒയുടെ എക്സ്ഷോറൂം വിലകൾ ആരംഭിക്കുന്നത് 8.97 ലക്ഷം മുതലാണ്. എന്നാൽ അത്യാധുനിക ഇലക്ട്രിക് സാങ്കേതികവിദ്യയുമായി എത്തുന്ന എക്സ്‌യുവി ത്രിഎക്സ്ഒ ഇവി മോഡലുകളുടെ പ്രാരംഭ വില 13.89 ലക്ഷം രൂപയാണ്.

ആർ 17 ഡയമണ്ട് കട്ട് അലോയ് വീലുകൾ, പനോരമിക് സ്കൈറൂഫ്, ഹർമൻ കാർഡൻ ഓഡിയോ സിസ്റ്റം എന്നിവ ഈ മോഡലുകളുടെ പ്രീമിയം ലുക്ക് വർധിപ്പിക്കുന്നു.

കൂടാതെ ബേസ് വേരിയന്റ് മുതലുള്ള റിയർ എസി വെന്റുകൾ, ടിൻ എച്ച്ഡി ഇൻഫോടെയ്ൻമെന്റ്, ഡ്യുവൽ സോൺ ഓട്ടോമാറ്റിക് ടെമ്പറേച്ചർ കൺട്രോൾ, വയർലെസ് ആൻഡ്രോയിഡ് ഓട്ടോ ആൻഡ് ആപ്പിൾ കാർപ്ലേ തുടങ്ങിയ ആധുനിക സവിശേഷതകളും ഈ വാഹനങ്ങളിൽ ഒരുക്കിയിട്ടുണ്ട്.



# ടിക്കി ടാർ ആൻഡ് ഷെൽ ഇന്ത്യയിൽ ബിപിസിഎല്ലിന് പങ്കാളിത്തം

**ന്യൂഡൽഹി:** പ്രമുഖ പൊതുമേഖല എണ്ണക്കമ്പനിയായ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) ടിക്കി ടാർ ആൻഡ് ഷെൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ 40 ശതമാനം

മൂന്നു മാസത്തിനുള്ളിൽ ഡിപ്പാർട്ട്മെൻറ് ഓഫ് ഇൻവെസ്റ്റ്മെൻറ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെൻറിൽ നിന്നുള്ള അനുമതി ഉൾപ്പെടെ ലഭിച്ച് ഇടപാട് പൂർത്തിയാകുമെന്നാണ് സ്റ്റോക്ക് എക്സ്ചേഞ്ചിന് സമർപ്പിച്ച റിപ്പോർട്ടിൽ ബിപിസിഎൽ വ്യക്തമാക്കിയത്.

ടിക്കി ടാർ ഗ്രൂപ്പും ഷെൽ ഗ്യാസ് ബിവിയും ചേർന്നുള്ള സംയുക്ത സംരംഭമാണ് ടിക്കി ടാർ ആൻഡ് ഷെൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. 2019 ഒക്ടോബറിൽ സ്ഥാപിതമായ ടിക്കി ടാർ ആൻഡ് ഷെൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഹൈവേകളിലും വിമാനത്താവള റൺവേകളിലും ഉപയോഗിക്കുന്ന ബിറ്റുമെൻ, ബിറ്റുമെൻ ഉത്പന്നങ്ങൾ എന്നിവ ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

നേപ്പാൾ, ഭൂട്ടൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലേക്കും കയറ്റുമതി നടത്തുന്നുണ്ട്.